കണ്ടത് പറഞ്ഞാൽ...

ഡേവിസ് വളർക്കാവ് എഴുതുന്ന പംക്തി

# മൂന്ന് മുദ്രകളും വാക്യങ്ങളും

**കേരളം** പുറം ലോകത്ത് അറിയപ്പെടുന്നത് 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന നിലയിലാണ്. ടൂറിസം പ്രൊമോഷൻ ടീം ഈ മുദ്രാവാക്യം ഏറ്റെടുത്തതോടെയാണ് ഇത് പ്രചുര പ്രചാരം നേടിയത്. ഇതിന്റെ സൃഷ്ടാവ് പൊതുപ്രവർത്തക നായ സൈമൺ കുന്നത്താണ്. നമ്മുടെ നാട്ടിൽ ധാരാളം മു ദ്രാവാക്യങ്ങൾ ചിന്താമണ്ഡലത്തിൽ സ്വാധീനം ചെലുത്തി കടന്നുപോയിട്ടുണ്ട്. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടെ താകും.., രക്തദാനം മഹാദാനം, പോലീസ് ഞങ്ങൾക്ക് പു ല്ലാണ്, നാവടക്കൂ പണിയെടുക്കൂ, ജയ്ജവാൻ ജയ്കിസാൻ, ശാസ്ത്രം ജനനന്മക്ക്, തോറ്റിട്ടില്ല തോറ്റിട്ടില്ല തോറ്റ ചരിത്രം കേട്ടിട്ടില്ല, ഇൻക്വിലാബ് സിന്ദാബാദ് ഇങ്ങനെ ഒട്ടേറെ മുദ്രാ വാക്യങ്ങൾ കേട്ട പ്രദേശമാണ് കേരളം. എന്നാൽ, വളരെ നിഷേധാത്മകമായ ഒരു മുദ്രാവാക്യം മലയാളിയെ അറിയാ തെ കുഴിയിൽ വീഴ്ത്തിയിട്ടുണ്ട്. അത് 'കേരളം ഒരു ഭ്രാന്താ ലയം' എന്നതാണ്. സ്വാമി വിവേകാനന്ദന്റെ ഭാരതദർശന യാത്രയിൽ ഇദ്ദേഹം ഇങ്ങനെ പറഞ്ഞുവെന്ന പച്ചനുണയാ ണ് മലയാളികൾ നെഞ്ചിലേറ്റി നടക്കുന്നത്.

1892 ൽ വിവേകാനന്ദൻ ഇവിടെ വന്നപ്പോൾ മലബാർ-കൊച്ചി-തിരുവിതാംകൂർ എന്ന നിലയിലായിരുന്നു ഇന്നത്തെ ഐക്യ കേരളം. ഈ മൂന്നിൽ മലബാർ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിക്കഴിഞ്ഞിരുന്നു. കൊച്ചിയും തിരുവിതാംകൂറും രാ ജഭരണത്തിലും. സ്വാമി സ്ഥലനാമം പറയുന്നത് മലബാർ എന്നാണ്. മലബാറികൾ ഭ്രാന്തന്മാരും അവരുടെ ഭവനങ്ങൾ ഭ്രാന്താലയങ്ങളും എന്നാണ് വിവേകാനന്ദൻ പറഞ്ഞുവെച്ച ത്. അത് ഇവിടെ നിലനിന്നിരുന്ന ജാതീയമായ അയിത്ത വും നീചത്വവും കണ്ട് മനസ്സലിഞ്ഞ് പ്രതിഷേധിച്ചാണെന്നാ ണ് പലരും പ്രചരിപ്പിച്ചത്. നാമത് തൊണ്ടതൊടാതെ വിഴു ങ്ങുകയും ചെയ്തു. ഇത് വലിയൊരു ചതിയായിരുന്നു. സ്വാ മി പറയുന്ന കേട്ടാൽ കൊച്ചിയും തിരുവിതാംകൂറും വളരെ ഭേദമായിരുന്നു എന്നാണ് തോന്നുക. എന്നാൽ, മലബാർ ബ്രിട്ടീഷ് ഭരണത്തിന് കീഴിലായതിനാൽ അവിടെ ജാതീയ മായ പീഡനം കുറവായിരുന്നു. അതിലും കഷ്ടാൽ കഷ്ട മാണ് നാട്ടുരാജ്യത്തെ സ്ഥിതി. കൊച്ചിയെകുറിച്ചോ തിരുവി താംകൂറിനെ കുറിച്ചോ ഒരക്ഷരം പറഞ്ഞില്ല ഈ വിദ്വാൻ. ഇതിലെയെല്ലാം കടന്നുപോകുകയും ചെയ്തിട്ടുണ്ട്. കൊടു ങ്ങല്ലൂരിൽ ചെറിയ തട്ടും മുട്ടും അനുഭവിക്കേണ്ടി വന്നിട്ടു ണ്ടത്രെ. എന്നിട്ടും കൊച്ചിയെ ഭ്രാന്താലയമെന്ന് പറഞ്ഞില്ല.

നേരിട്ട് ഒരു തിക്താനുഭവം ഇല്ലാത്ത നാടിനെക്കുറിച്ച് ഒരു സന്യാസി പറയാൻ കൊള്ളാത്ത ജൽപ്പനങ്ങൾ നടത്തു ന്നതിന്റെ അടിയൊഴുക്ക് എന്താണ് ? കായസ്ഥ വിഭാഗത്തിൽ ജനിച്ച നരേന്ദ്രൻ ജാതിവ്യവസ്ഥക്ക് അനുകൂലമായിരുന്നു. ജാതീയമായ നീചത്വം മറച്ചുവെച്ച് ആധുനിക ഹിന്ദുമതം വളർത്തിയെടുക്കാൻ പണിയെടുക്കുകയായിരുന്നു ഇക്കാല ത്ത്. അയിത്തജാതിക്കാർ ജാതിപീഢനങ്ങളിൽ നിന്ന് രക്ഷ പ്പെടാൻ സെമിറ്റിക്ക് മതങ്ങളെ അഭയം പ്രാപിക്കേണ്ടി വന്നി ട്ടുണ്ട്. അങ്ങിനെ പോകുന്നവർ അനുഭവിക്കുന്ന സ്വാതന്ത്ര്യം കണ്ട് അസഹിഷ്ണുവായിട്ടാണ് ശ്രീരാമകൃഷ്ണ ശിഷ്യൻ മ ലബാറിനെ ഭ്രാന്താലയെന്ന് വിളിച്ചത്.

ഇദ്ദേഹം വിഭാവനം ചെയ്ത ചിക്കാഗോ മോഡൽ ഹിന്ദു മതത്തിൽ അസ്പർശ്യതയില്ലായിരിക്കാം. എന്നാൽ നിലവിൽ ആയിരത്തിലധികം വർഷം തലമുറകളായി അനുഭവിച്ച ക്ലേശ ങ്ങളിൽ നിന്നുള്ള ഒരു ചെറിയ വിടുതലായിരുന്നു ഹരിജന ങ്ങൾക്ക് മതം മാറ്റം. അത് സവർണ്ണ ഹിന്ദുവിന് അസഹനീ യമായതിൽ നാം ആശ്ചര്യപ്പെടേണ്ടതില്ല. അംബേദ്കർ നാഗ് പ്പൂർ വച്ച് ബുദ്ധമതം സ്വീകരിച്ചപ്പോഴും ഈ വിടുതലും അസഹിഷ്ണുതയും നാം കണ്ടതാണ്.

ഇനി മറ്റൊരു വെർഷൻ കാണാം. സ്വാമിയുടെ വിമർശ നം ഉദ്ദേശശുദ്ധിയോടെയാണെന്നും താഴ്ത്തപ്പെട്ടവരുടെ മ തംമാറ്റവും അവരനുഭവിക്കുന്ന സ്വാതന്ത്ര്യവും കണ്ട് മല ബാറിലെ ജാതി ഹിന്ദുവിനെ സ്വയം വിമർശനത്തിന് പ്രേ രിപ്പിക്കാനായിരുന്നോ 'ഭ്രാന്താലയ' വചനം? ഇത് തുടർ ന്നാൽ വലിയതോതിലുള്ള മതംമാറ്റത്താൽ ഹിന്ദുമതം ന ശിക്കുമെന്ന ഓർമ്മപ്പെടുത്തലായും ഈ വിമർശനത്തെ കാ ണാമോ? ഗാന്ധിജിക്കും ഇത്തരം സന്ദർഭങ്ങളിലൂടെ സഞ്ച രിക്കേണ്ടി വന്നിട്ടുണ്ട്. എന്നാലത് സ്വാതന്ത്ര്യത്തിന്റെ പേ രിൽ ന്യായീകരിക്കാനായിട്ടുണ്ട്. അത്രക്കും നിരപരാധിത്വം വിവേകാനന്ദൻ അർഹിക്കുന്നില്ല. ഹിന്ദുത്വ വിവേകാനന്ദ നിൽ രക്ഷകനെ കണ്ടെത്തുന്നതിന്റെ പൊരുൾ കാണുക. ശുദ്ധഗതികൾക്ക് ഈ രീതിയിൽ ചിന്തിച്ചാശ്വാസിക്കാനാ യി സ്വാതന്ത്ര്യമുണ്ട്.

മലയാളികളുടെ ആത്മാഭിമാനത്തിന്റെ ഗ്രാഫ് താഴ്ന്നു എന്നതാണ് ഇതുമൂലം സംഭവിച്ചത്. ഇനി നമുക്ക് സ്വാമി യിൽ നിന്ന് മുന്നോട്ടുപോകാം. ജാതിവ്യവസ്ഥ നിലനിർ ത്താൻ ശ്രമിക്കുന്നവർ തന്നെയാണ് തന്ത്രപൂർവ്വം കേരളം ഭ്രാന്താലയമാണെന്ന് പ്രചരിപ്പിച്ചത്. സവർണ്ണ-മാടമ്പി സം സ്കാരത്തിന്റെ പാപഭാരം മുഴുവൻ കേരളീയന്റേയും-ഇനി പിറക്കാനിരിക്കുന്നവരുടെയും-കൈകളിൽ ഏൽപ്പിച്ച്, അ തേറ്റുപാടാൻ കുറേ എഴുത്തുകാരേയും പിന്നെ കുറേ കുഴ ലൂത്തുകാരേയും സവർണ്ണ ഫാസിസ്റ്റ് തന്ത്രം ഒരുക്കിയെടു ത്തു. ജാതീയമായി താഴ്ത്തപ്പെട്ടവർ ഇത് തിരിച്ചറിയാതെ പോകുന്നു. നാട്ടിൽ എന്തു നീതി നടന്നാലും വെറുതെയ ല്ല കേരളത്തെ ഭ്രാന്താലയമെന്ന് വിളിച്ചത് എന്ന് ആത്മഗ തം ചെയ്യുന്ന എത്രയോ മലയാളി മാന്യന്മാർ നമ്മുടെ ചു റ്റുമുണ്ടെന്ന് ഒന്നു ശ്രദ്ധിച്ചാൽ തിരിച്ചറിയാം. ഇത്തരത്തി ലേക്കെത്തിച്ച ഒരു മാസ്സ് സൈക്ക് ആർക്കാണ് ഗുണം ചെ യ്യുക? ജാതിമേധാവിത്വത്തിന്റെ ശക്തികൾക്കു തന്നെ. ബ്രാ ഹ്മണ മേധാവിത്വം കൂളായി തടിയൂരി രക്ഷപ്പെട്ടു. സവർ ണ്ണ ഫാസിസത്തിന്റെ തന്ത്രങ്ങൾ പഠിക്കുന്നവർക്ക് ഇതെ ളുപ്പം തിരിച്ചറിയാൻ കഴിയും.

ഇവിടം കൊണ്ടിത് തീരുന്നില്ല. മൂന്നാമത് ഒരു മുദ്രാവാ ക്യം കൂടി നമുക്ക് പരിചയപ്പെടാം. നാരായണഗുരു അരു വിപ്പുറത്തു നിന്ന് ഭാരതത്തിന് നൽകിയ സന്ദേശ മുദ്രാവാ ക്യ വരികൾ വായിക്കാം. ജാതിഭേദം മതദ്വേഷ/മേതുമില്ലാ തെ സർവ്വരും/സോദരത്വേന വാഴുന്ന/മാതൃകാ സ്ഥാനമാ ണിത്. ഈ മുദ്രാവാക്യമാണ് കേരളത്തിന്റെ മാനിഫെസ്റ്റോ. ഇത് 1888 ൽ രേഖപ്പെടുത്തിയതാണ്. ഈ സൃഷ്ടിപരമായ മുദ്രാവാക്യത്തെയാണ് നാലുവർഷങ്ങൾക്കു ശേഷം വന്ന രണ്ടാമത്തെ മുദ്രാവാക്യം തളർത്തിയത്. കേരളത്തിന്റെ സാ മൂഹ്യ ജീവിതത്തെ-ചിന്തയെ മാറ്റിതീർത്ത, ഇന്നും അനേ കരെ പ്രചോദിപ്പിക്കുന്ന മുദ്രാവാക്യം ഏതാണ് ?

മതവിദ്വേഷവും ജാതീയമേൽക്കോയ്മയും സംവരണവി രുദ്ധതയും ശക്തിപ്രകടനം നടത്തുന്ന ഇക്കാലത്തും ആ ശയ പ്രതിരോധത്തിന്റെ മുദ്രാവാക്യം ഇതിലേതാണ് ? സൈ മൺ കുന്നത്തും വിവേകാനന്ദനും നാരായണഗുരുവും നൽ കിയ സംഭാവന വിലയിരുത്തി തള്ളിക്കളയേണ്ടതിനെ കള ഞ്ഞ് പ്രചോദനാത്മകമായത് സ്വീകരിച്ച്, ജീവിതഗന്ധിയാ ക്കുകയെന്നതാണ് വിവേകികളുടെ ഇന്നത്തെ കടമകളിലൊ ന്ന്. ഉത്തിഷ്ഠത. ജാഗ്രത. ■